# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2390      23-01-2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ടുമുഖേന ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശിവൻകുട്ടി : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സാസഹായം ലഭ്യമാകുന്നതിനുള്ള മാനദണ്ഡവും, പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കുമോ? | മാനദണ്ഡങ്ങൾ<br>1. മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള ബി.പി.എൽ/ എ.പി.എൽ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കും. പരാമാവധി ചികിത്സാ ധനസഹായം അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്.<br>2. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br>3. എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിൽ ചികിത്സ |

തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭിക്കും.

4. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവു വരുത്തി ഓരോ രോഗിക്കും 2 ലക്ഷം രൂപാ വീതം ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്.

<u>നടപടിക്രമങ്ങൾ</u>

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ രോഗി സ്ഥിരമായി താമസമുള്ളതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാ ലോട്ടറി ആഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. അപേക്ഷയോടൊപ്പം റേഷൻകാർഡിന്റെ പകർപ്പ്, ആശുപത്രിയിൽ നിന്നും ലഭിച്ചിട്ടുള്ള ചികിത്സാ ചെലവ് കണക്കാക്കികൊണ്ടുള്ള എസ്റ്റിമേറ്റ്, രോഗിയും കുടുംബാംഗങ്ങളും ചേർന്ന് രോഗി താമസിക്കുന്ന വീടിനുമുന്നിൽ നിന്നും എടുത്തിട്ടുള്ളതുമായ ഒരു കളർ ഫോട്ടോ, രോഗിയുടെ പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. ജില്ലാതല കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് സംസ്ഥാനതല കമ്മറ്റി അനുവദിക്കുന്ന ചികിത്സാ ധനസഹായതുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് നൽകുന്നു. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമുള്ള ഘട്ടങ്ങളിൽ ഡോക്ടറുടെ

സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ചികിത്സാ അനുമതി നല്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന തലത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാ അനുമതി നൽകുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുവാൻ കാലതാമസം വരുന്ന കേസ്സുകളിൽ രോഗി സ്വന്തം കൈയ്യിൽ നിന്നും ചികിത്സക്കായി വിനിയോഗിച്ച തുക റീഇംബേഴ്സ്മെന്റായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. അപേക്ഷ സമർപ്പിച്ച തീയതി മുതലാണ് ധനസഹായത്തിന് അർഹത. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അടിയന്തിരമായി സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷ സർജറി കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടറുകൾ (മരുന്ന്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ